9522
9/5/18

# കേരള സർക്കാർ

സംഗ്രഹം

സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കുപ്പാടി വില്ലേജിലെ WCS ഏരിയായിൽ നിന്നും വീട്ടി, തേക്ക് മരങ്ങൾ മുറിച്ച് കുപ്പാടി, ചാലിയം ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിയുടെ ഇ-ടെണ്ടർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(സാധാ.)നം. 210/2018/വനം തീയതി, തിരുവനന്തപുരം, 04/05/2018

---

പരാമർശം :- 1) പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ 25.10.2017 തീയതിയിലെ പ്രൊ(5)-32112/13 നമ്പർ കത്ത്.

2) 14.07.2016 ലെ 69/ബി1/2016/വനം നമ്പർ സർക്കാർ കത്ത്.

## ഉത്തരവ്

വയനാട് കോളനൈസേഷൻ സ്കീമിൽപ്പെട്ട ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കുപ്പാടി റെയിഞ്ചിലെ മുറിക്കാൻ ബാക്കി നിൽക്കുന്ന 192 മരങ്ങൾ മുറിച്ച് ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിയുടെ പുനർ ലേലം നടത്താൻ പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന് നിർദ്ദേശം നൽകിയിരുന്നു.

2) ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.എം.മുഹമ്മദ് റഫീഖ് എന്ന കരാറുകാരനുമായി ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നെഗോഷിയേറ്റ് ചെയ്തതിൽ കുറവ് വരുത്തി 167.49% അധിക നിരക്കിൽ പ്രവൃത്തിയേറ്റെടുക്കാൻ തയ്യാറാണെന്ന് ടിയാൻ രേഖാമൂലം ബോധിപ്പിച്ചതായും സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കുപ്പാടി വില്ലേജിലെ WCS ഏരിയായിൽ ബാക്കി നിൽക്കുന്ന 192 മരങ്ങൾ മുറിച്ച് ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിക്ക് നിലവിലേതടക്കം ആകെ ഏഴ് ടെണ്ടർ നടത്തിയിട്ടുണ്ടെന്നും കഴിഞ്ഞ ടെണ്ടറിനെക്കാൾ നിരക്ക് വർദ്ധിച്ച സാഹചര്യത്തിൽ ഇനിയും ഒരു ടെണ്ടർ നടത്തിയാൽ ടി നിരക്കിൽ കുറഞ്ഞ് ആരും തന്നെ ടി പ്രവൃത്തി ഏറ്റെടുത്ത് ചെയ്യുവാൻ സാദ്ധ്യതയില്ലെന്നും പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

3) പ്രവൃത്തിക്ക് തയ്യാറാക്കിയ അടങ്കൽ തുക, കരാറുകാരൻ രേഖപ്പെടുത്തിയ തുക ചെലവ് കഴിഞ്ഞ് ലഭിക്കാവുന്ന തുക തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അടങ്കൽ തുക | - | 17,80,000/- രൂപ |
| ടെണ്ടർ തുക (167.49% അധിക നിരക്ക് | - | 47,61,322/- രൂപ |
| നഷ്ട പരിഹാരതുക (404 M3×10,000) | - | 40,40,000/- രൂപ |
| പ്രതീക്ഷിക്കാവുന്ന വരുമാനം | | |
| വരവ് | - | 3,31,40,000/- രൂപ |
| ചെലവ് | - | 88,01,322/-രൂപ |
| (ടെണ്ടർ തുക + നഷ്ടപരിഹാരം) | | |
| ചെലവിനേക്കാൾ അധികമായി ലഭിക്കാവുന്ന തുക (Excess over expenditure) | - | 2,43,38,678/-രൂപ |

4) പ്രസ്തുത പ്രവർത്തിക്ക് ഇനിയും ഒരു ടെണ്ടർ നടത്തിയാൽ ടി നിരക്കിൽ കുറഞ്ഞ് ആരും തന്നെ പ്രവൃത്തി ഏറ്റെടുത്ത് ചെയ്യാൻ സാധ്യതയില്ലെന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്)ന്റെ പരാമർശം (1) പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ.എം.മുഹമ്മദ് റഫീഖ്, വലിയ പറമ്പിൽ വീട്, ആമ്പിലേരി, കൽപ്പറ്റ, വയനാട് എന്നയാൾക്ക് 167.49% അധിക നിരക്കിൽ സൗത്ത് വയനാട് ഡിവിഷനിലെ ചെതലത്ത് റെയിഞ്ചിന്റെ പരിധിയിൽ വരുന്ന കുപ്പാടി വില്ലേജിലെ WCS ഏരിയായിൽ നിന്നും വീട്ടി, തേക്ക് മരങ്ങൾ മുറിച്ച് കുപ്പാടി, ചാലിയം ഡിപ്പോകളിലെത്തിക്കുന്ന പ്രവൃത്തിയുടെ ഇ-ടെണ്ടർ അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ഗിരിജ കുമാരി. ജി
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (റീജിയണൽ നോർത്ത്), കോഴിക്കോട്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, സൗത്ത് വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (അഗ്രി-എ 1/4/2018/ധന)
വെബ്ബ് ആന്റ് ന്യൂമീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ